**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 224** **23-08-2022 - ൽ മറുപടിയ്ക്ക്**

**മങ്കി പോക്സ് രോഗബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ എത്ര മങ്കി പോക്സ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇതുവരെ 5 പേർക്കാണ് മങ്കി പോക്സ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഇവരെല്ലാവരും തന്നെ ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തി രോഗം സ്ഥിരീകരിച്ചവരാണ്. 5പേരിൽ 4 പേരും രോഗമുക്തി നേടിയിട്ടുണ്ട്. ഒരാൾ എൻസഫലൈറ്റിസ് രോഗബാധയോടെ മരണപ്പെട്ടുകയുണ്ടായി. |
| (ബി) | മങ്കി പോക്സ് വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മങ്കി പോക്സ് വ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>എയർപോർട്ട് നിരീക്ഷണം, രോഗസാധ്യത കൂടുതലുള്ള രാജ്യങ്ങളിൽ നിന്നും എത്തുന്ന അന്താരാഷ്ട്ര യാത്രക്കാരിലെ രോഗലക്ഷണങ്ങളുടെ പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്. എയർപോർട്ട് നിരീക്ഷണത്തിനായി സംസ്ഥാനതലത്തിലും ജില്ലാ-തലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ബോധവത്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ശക്തമായി നടത്തുന്നു. ഐസൊലേഷൻ, ചികിത്സാ മാനദണ്ഡങ്ങൾ, മങ്കിപോക്സിന്റെ സാഹചര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ, ചെയ്യുകൂടാത്ത കാര്യങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കുവാനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ജില്ലാതലത്തിൽ രോഗം സ്ഥിരീകരിച്ച ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. മറ്റു ജില്ലകളിൽ |

കൺട്രോൾ റൂം തുടങ്ങുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

രോഗ നിരീക്ഷണം, സമ്പർക്ക പട്ടിക തയ്യാറാക്കൽ എന്നിവ ശക്തമാക്കിയിട്ടുണ്ട്.

സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കുവാനും 21 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കുവാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേക്കു മാറുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സമ്പർക്ക പട്ടിക തയാറാക്കുവാനും പട്ടികയിലുള്ളവരുടെ തുടർ നിരീക്ഷണത്തിനും ദിശ കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്.

എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാന, ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ (State and District level Zoonotic committes) രൂപീകരിച്ചിട്ടുണ്ട്.

നിപ്പ, മങ്കിപോക്സ് ഉൾപ്പെടെയുള്ള ജന്തുജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് നല്കിയിട്ടുണ്ട്.

നിലവിൽ രോഗനിർണയത്തിനായി പരിശോധനാ സൗകര്യം ആലപ്പുഴ NIV unitലും, NIV പൂനെയിലും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

രോഗം സ്ഥിരീകരിക്കുന്നവർക്കു അവശ്യമായ ചികിൽസാ സൗകര്യം എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്.

ആരോഗ്യപ്രവർത്തകർക്കും, പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ദൃശ്യശ്രവ്യമാധ്യമങ്ങൾ വഴി നല്കിവരുന്നുണ്ട്.

എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | രോഗ നിരീക്ഷണത്തിനും മാനേജ്മെന്റിനുമായുള്ള Standard Operating Procedure (SOP) സ.ഉ.(സാധാ)നം.1732/2022/ആ.കു.വ തീയതി 19.07.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഒരിക്കൽ മങ്കി പോക്സ് രോഗബാധ ഉണ്ടായ ആളുകൾക്ക് പിന്നീട് രോഗബാധ ഉണ്ടാകുവാൻ സാധ്യതയുണ്ടോ; രോഗബാധയിലൂടെ ലഭിക്കുന്ന പ്രതിരോധശേഷി വീണ്ടും രോഗബാധ ഉണ്ടാകുന്നത് പൂർണ്ണമായി തടയുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകാമോ; | (സി) | ഇപ്പോൾ പൊട്ടിപ്പുറപ്പെട്ട മങ്കിപോക്സ് ബാധയുമായി ബന്ധപ്പെട്ട രോഗബാധിതരിൽ ഉണ്ടാകാവുന്ന ഇമ്മ്യൂണിറ്റി, രണ്ടാമതും രോഗബാധയുണ്ടാകാനുള്ള സാധ്യത തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ ലഭ്യമല്ല. |
| (ഡി) | മങ്കി പോക്സിന് വാക്സിൻ കണ്ടെത്തിയിട്ടുണ്ടോ; മങ്കി പോക്സ് പ്രതിരോധത്തിന് ഏതൊക്കെ വാക്സിനുകൾ ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; സാർവ്വത്രിക കുത്തിവെയ്പ് ആവശ്യമാണോ; വാക്സിനേഷൻ പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | മങ്കി പോക്സിനെതിരെ വാക്സിൻ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യയിൽ നിലവിൽ വാക്സിൻ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ